*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 44 C

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**മെയ് 6, 2023**

# സർവജ്ഞത്വം, ക്ലാസ് മോണിട്ടർ, ചമത്കാരം

# OMNISCIENCE, CLASS MONITOR, MIRACLE

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം. സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!



സാധാരണയായി സമൂഹത്തിൽ, നോവുമ്പോൾ അഥവാ മുറിവേൽക്കുമ്പോൾ അഥവാ പഴിക്കപ്പെടുമ്പോൾ പ്രത്യേകിച്ചും സംഭവിക്കുക പ്രതികരിക്കുക എന്നതാണ്. അത്തരം വേളകൾ പുഞ്ചിരിയോടെ സ്വീകരിക്കുന്നതിന് വളരെ പ്രയാസമാണ്. ഭഗവാന്റെ ജീവിതത്തിലുടനീളം, അവിടുത്തെ വിമർശകരോട് അവിടുന്ന് വളരെയധികം സഹിഷ്ണുത പുലർത്തിയിരുന്നു എന്ന് നമുക്കറിയാം. ഏതാനും ന്യൂസ് പേപ്പറുകളും ചില വിമർശകരും അങ്ങേയറ്റം വ്യാജമായ, അനർഹമായ, സകല ആരോപണങ്ങളുമായി മുന്നോട്ടു വരികയും ചെയ്തത് നമുക്കറിയാം. എന്നിട്ടും സ്വാമി പ്രതികരിച്ചില്ല, പ്രതികരിക്കുന്നതിന് ആരെയും അവിടുന്ന് അനുവദിച്ചതുമില്ല. ഇത്തരത്തിലുള്ള സഹിഷ്ണുത ഭഗവാന്റെ ബാല്യം മുതൽക്കേ ഉള്ള സവിശേഷതയായിരുന്നു.

വികൃതിപ്പിള്ളേരിൽ ചിലർ സത്യന്റെ ഇടതൂർന്ന മുടിയിലേക്ക് മുള്ളു പന്തുകൾ എറിയും, സത്യൻ അവയിൽ നിന്ന് ഒഴിഞ്ഞുമാറാനായി ഓടിയകലും. ബുക്കപട്ടണത്തെ വിദ്യാർത്ഥി ജീവിതം കൗമാരക്കാരനായ സത്യന് കഠിനമായ പരീക്ഷണമായിരുന്നു, കേവലം 14 വയസ്സ് മാത്രമേ പ്രായമായിരുന്നുള്ളൂ അവിടുന്നിന്! അതിരാവിലെ തന്നെ തനിക്കും പുട്ട പർത്തിയിലുള്ള മുത്തച്ഛനും വേണ്ടി സ്വയം പ്രാതലും ഉച്ചയൂണും തയ്യാറാക്കണമായി രുന്നു അവിടുന്നിന്. പതിവുള്ള പ്രഭാതഭക്ഷണം-കഞ്ഞിപോലുള്ള ഒരു മിശ്രിതവും പൊടിയരിയും, അല്ലെങ്കിൽ പകരം തണുത്ത ചോറും തൈരും-കഴിച്ചിട്ട് പോവണം.

സ്കൂളിലെ പുതിയ സ്പെഷ്യൽ വിദ്യാർത്ഥിയോട് ചുരുക്കം ചില മുതിർന്ന കുട്ടികൾക്ക് അസൂയയായിരുന്നു. അവർ അവിടുന്നിനെ റാഗ് ചെയ്യും. പലപ്പോഴും മണൽപ്പരപ്പിൽ വച്ച് ശാരീരികമായി കയ്യേറ്റം ചെയ്യുക പോലുമുണ്ടായി, എന്നിട്ട് ചിത്രാവതിയിലെ വെള്ളം തെറിപ്പിച്ച് നനച്ച്, അവിടുത്തെ വൃത്തിയുള്ള വസ്ത്രങ്ങൾ വൃത്തികേടാക്കും.

അവിടുന്ന് ഒരിക്കലും ഇതിന് ശണ്ഠ കൂടിയിട്ടില്ല. റാഗിംഗ് ഒക്കെ ചിരിയോടെ, കളിയായി എടുക്കും, അനിഷ്ടമൊന്നും വച്ചുകൊണ്ടിരിക്കില്ല. വിചിത്രമെന്നു പറയട്ടെ, അവിടുത്തെ സഹപാഠികളോട് പ്രതികരിക്കില്ലെന്നു തന്നെയല്ല, പകരം അവിടുന്ന് അവരെ സഹാ യിക്കും!
സഹപാഠികളിൽ നിന്ന് ഇത്തരം പെരുമാറ്റം ഉണ്ടായിട്ടുപോലും, സത്യൻ രാമക്ഷേത്ര ത്തിലെ പൂജാരിയായ ഭീമറാവുവിന്റെ വീട്ടിൽവച്ച് നാമമാത്രമായ ഫീസ് വാങ്ങിക്കൊണ്ട്, വൈകുന്നേരങ്ങളിൽ ഏതാനും വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത് തുടർന്നു. 'മറക്കുക, പൊറുക്കുക'(Forget and forgive) എന്നത് ഭഗവാന്റെ മുഖ്യ പ്രബോധനം ആണ്, അത് അവിടുന്ന് ബാല്യകാലം തൊട്ടേ അനുവർത്തിച്ചിരുന്നു.

ഒരു കുട്ടിയായിരിക്കുമ്പോൾത്തന്നെ ഭഗവാന് നല്ല ഭക്തിയായിരുന്നു എന്ന് നാം അറിഞ്ഞി ട്ടുണ്ട്. അവിടുന്ന് എല്ലായ്പോഴും ഭക്തി, അച്ചടക്കം, കർത്തവ്യനിർവഹണം(Devotion, Discipline and Duty) ഇവയ്ക്കായി നിലകൊണ്ടു.
അവിടുന്ന് ബുക്കപട്ടണത്തിലായിരിക്കുമ്പോൾ രേഖപ്പെടുത്തപ്പെട്ട ചില സംഭവങ്ങളുണ്ട്. ബുക്കപട്ടണത്തിൽ ചൗഡമ്മ ദേവതയുടെ ഒരു ക്ഷേത്രമുണ്ടായിരുന്നു. മധ്യാഹ്നത്തിൽ ഒറ്റയ്ക്ക് അവിടെയിരുന്ന് ഉച്ചഭക്ഷണം കഴിക്കുന്നതിനായി സത്യൻ അവിടേക്ക് പോകും. അവിടെ അടുത്ത് നല്ല കുടിവെള്ളം ലഭ്യമായിരുന്നതിനാൽ, അത് പ്രിയപ്പെട്ട ഒരു ശീലമാ

യിരുന്നു. ഉച്ചഭക്ഷണത്തിന് ശേഷം, സത്യൻ ആ ക്ഷേത്രത്തിന്റെ പ്രശാന്തമായ ഏകാന്തത യിൽ, താൻ എപ്പോഴും കൂടെ കൊണ്ടുനടക്കുമായിരുന്ന ഷിർദ്ദിയിലെ സായി ബാബയുടെ ഒരു ചെറിയ ചിത്രത്തിൽ മിഴിയുറപ്പിച്ച്, സ്വയം ആലോചനയിൽ മതിമറക്കും.

ഒരു പ്രാദേശിക സർക്കാർ ഗുമസ്തനായിരുന്ന സുബ്ബറാവുവും അദ്ദേഹത്തിന്റെ ഭാര്യ തിപ്പമ്മയും ഉണ്ടായിരുന്നു. ലക്ഷ്മി നാരായണ ക്ഷേത്ര കോംപ്ലക്സിലെ മുറികളിലൊന്നി ലാണ് തിപ്പമ്മ അവരുടെ കുട്ടികൾക്കൊപ്പം കഴിഞ്ഞിരുന്നത്. അവളുടെ ഭർത്താവ് ജോലിക്കും കുട്ടികൾ സ്കൂളിലും പോയിക്കഴിഞ്ഞാൽ തിപ്പമ്മ അവരുടെ മതാചാര ത്തിന്റെ ഭാഗമായി ഓരോ ദിവസവും ക്ഷേത്രത്തിനു ചുറ്റും പ്രദക്ഷിണം വയ്ക്കും.




ചിലപ്പോഴൊക്കെ, സത്യൻ ഹനുമാൻ ക്ഷേത്രത്തിന്റെ ശ്രീകോവി ലിനുള്ളിൽ പുറകുവശത്തായി ഇരി ക്കുന്നത് അവൾ ശ്രദ്ധിക്കാറുണ്ടായി രുന്നു. അവനെന്താണ് അവിടെ ചെയ്യുന്നത് എന്നറിയുന്നതിനുള്ള കൗതുകത്താൽ, അവൾ ഒരു ദിവസം സ്വയം ഒളിച്ചിരുന്ന് സത്യനെ നിരീക്ഷിച്ചു. അവൻ വായുവിൽ കൈ ചുഴറ്റിയപ്പോൾ പൂജാ സാധനങ്ങൾ പ്രത്യക്ഷപ്പെടുന്നതാണ് അവൾ കണ്ടത്!

അവിടുന്ന് ഷിർദ്ദിയിലെ സായി ബാബയുടെ ഒരു ചിത്രം സൃഷ്ടിച്ചു, അതിൽ പൂജ നട ത്തിയ ശേഷം, അവിടുത്തെ കൈവെള്ളയിൽ കർപ്പൂരം കത്തിച്ച് ആരതി നടത്തി. അവി ടുന്ന് പഴങ്ങളും സൃഷ്ടിച്ചു, ചുക്കും പൊടിച്ച പഞ്ചസാരയും കൂട്ടി കലർത്തി ദേവന് നിവേദ്യവും ചെയ്തു. എന്നിട്ടവൻ അതെല്ലാം അവന്റെ സ്കൂൾ ബാഗിൽ ഇട്ടിട്ട് നടന്നക ന്നു. തിപ്പമ്മ ഇതെല്ലാം അത്ഭുതസ്തബ്ധയായി കണ്ടു, സത്യൻ ഒരു സാധാരണ പയ്യന ല്ലെന്ന് തിരിച്ചറിഞ്ഞു!

സ്കൂളിൽ, സത്യൻ ഈ പഴമൊക്കെ അവിടുത്തെ സഹപാഠികൾക്കിടയിൽ വിതരണം ചെയ്യും. ഇവയൊക്കെ അവന് എവിടെനിന്ന് കിട്ടി എന്ന് അവർ അറിയാനാ ഗ്രഹിക്കുമ്പോൾ, സ്വഭവനത്തിലുള്ള 'ശക്തി', 'ശക്തി'യാണ് ഇതൊക്കെ തരുന്നത് എന്ന് അവിടുന്ന് മറുപടി നൽകും. "സത്യമ്മയാണ് ഇത് തരുന്നത്!" അവിടുന്ന് പറയും.

“ഇതെപ്പറ്റി മന്ത്രിക്കുക പോലുമരുത്…” അവിടുന്ന് സുഹൃത്തുക്കൾക്ക് മുന്നറിയിപ്പ് കൊടുക്കുക പതിവായിരുന്നു. “ഇതെക്കുറിച്ച് വീട്ടിലെ മുതിർന്നവരോടും മറ്റൊരാളോടും മന്ത്രിക്കുക പോലും ചെയ്യരുത്!”, അങ്ങനെ ചെയ്താൽ മേലിൽ അവൻ ഇതൊന്നും തരില്ല. ഇത്തരം അതിശയകരമായ പ്രകടനങ്ങളൊക്കെ തന്റെ സഹപാഠികൾക്കിടയിൽ മാത്രം ഒതുങ്ങി നിൽക്കട്ടെ എന്നായിരുന്നു അവിടുത്തെ സങ്കൽപം!

തിപ്പമ്മയുടെ മകൾ, നാഗലക്ഷ്മി, വീട്ടിൽ ഷിർദ്ദി സായി ബാബയെ ആരാധിക്കുമായിരുന്നു. സ്കൂൾ വിട്ടിട്ട്, സത്യൻ സുബ്ബറാവുവിന്റെ പൂജാമുറിയുടെ ഒരു കോണിൽ, പൂജ കഴിയുന്നതു വരെ ഇരിക്കുമായിരുന്നു. എന്നിട്ട് അവൻ പ്രസാദവും വാങ്ങി സ്ഥലം വിടും.
മിക്കപ്പോഴും നാഗലക്ഷ്മിക്ക് അവളുടെ പൂജ നടത്തുന്നതിന് ഉപയോഗിക്കുന്നതിനായി സത്യൻ അവരുടെ പടിവാതിൽക്കൽ പൂക്കൾ കൊണ്ടുവന്ന് വയ്ക്കും. സത്യൻ ഒരു ബ്രാഹ്മണ കുടുംബത്തിലെ കുട്ടിയല്ലാതിരുന്നതു കൊണ്ട്, ആദ്യമൊക്കെ നാഗലക്ഷ്മി ആ പൂക്കൾ നിരസിക്കുമായിരുന്നു. എന്നാൽ അവൾ പെട്ടെന്നു തന്നെ തന്റെ പക്ഷഭേദം മറികടക്കുകയുണ്ടായി.
പൂക്കൾ കോർത്ത് മാല കെട്ടാൻ തനിക്ക് സമയം കിട്ടാത്തതുകൊണ്ട്, പൂക്കൾക്കു പകരം മാലയായിരുന്നു വേണ്ടതെന്ന് അവൾ തന്നത്താൻ പിറുപിറുക്കുകയുണ്ടായി. പിറ്റേ ദിവസം മുതൽക്ക് സത്യൻ സ്വയമേവ പൂക്കൾക്കു പകരം മാല കൊണ്ടുവരാൻ തുടങ്ങി.



ഇപ്രകാരം, നന്നേ ചെറിയ പ്രായം തൊട്ടേ, സത്യൻ അവിടുത്തെ സർവജ്ഞത്വം വെളിപ്പെടുത്തിയിരുന്നു. ഇത് കേവലം സങ്കൽപ്പിക്കുക: അവളാഗ്രഹിച്ചത് എന്തെന്ന് നേരിട്ടു പറയാതെതന്നെ, സ്വാമിക്ക് അതറിയാൻ കഴിഞ്ഞു, ആവശ്യമായത് ചെയ്യാൻ കഴിഞ്ഞു. അവി

ടുത്തെ തന്നെ ഗ്രാമത്തിൽ, ക്ഷേത്രപരിസരത്തായി, അവിടുത്തെ സർവജ്ഞത്വം ആളുകൾ തിരിച്ചറിഞ്ഞ ആദ്യ സംഭവമാണിത്.

ഇനി, ഭഗവാന്റെ മറ്റൊരു വശം: നിങ്ങൾക്കറിയാവുന്നപോലെ, അവിടുന്ന് പിന്നീടുള്ള വർഷങ്ങളിൽ അരുളുകയുണ്ടായി, അവിടുന്നിനെ ചെവിക്കൊള്ളാത്ത ആളുകൾക്ക് അവിടുന്ന് നൽകാറുള്ള ഏറ്റവും കടുത്ത ശിക്ഷയെന്നത് മൗനം ആകുന്നു. അവിടുന്ന് അവരുടെ മുഖത്തേക്ക് നോക്കില്ല. അവിടുന്ന് കുറേ നാളത്തേക്ക് അവരെ മൊത്തത്തിൽ അവഗണിക്കും. അതൊരു പരീക്ഷണ കാലമായി കണക്കാക്കപ്പെടും. അന്നുവരെ വളരെ അടുപ്പത്തിലായിരുന്ന ഭക്തർ, അവർ അവഗണിക്കപ്പെട്ട് ഒറ്റപ്പെടുമ്പോൾ, വേദനിക്കും. അവർക്കത് പീഢനമായി തോന്നും! അവർക്കത് സഹിക്കാനാവില്ല! അവരിൽ പരിവർത്തനം സംഭവിക്കുമ്പോൾ, സ്വാമി അവരോട് സംസാരിക്കാൻ തുടങ്ങുന്നു, ഒന്നും സംഭവിക്കാഞ്ഞതുപോലെ. അതാണ് അവിടുത്തെ പരിഷ്കരണം.

സ്കൂളിലെ മോണിട്ടർ എന്ന നിലയ്ക്കും അവിടുന്ന് ഇതുപോലെ ചെയ്തിരുന്നു. മുറിയിൽ വൃത്തിയും അച്ചടക്കവും പരിപാലിക്കുന്നതിൽ അവിടുന്ന് മാതൃകയായിരുന്നു. മോണിട്ടർ എന്ന നിലയ്ക്ക്, അവിടുന്ന് അധ്യാപകന്റെ നിർദ്ദേശപ്രകാരം തന്റെ സഹപാഠികളെ ശിക്ഷിക്കുന്നതിന് അധികാരപ്പെട്ടിരുന്നു.

ഒരു രസകരമായ സംഭവം സത്യൻ പിൽക്കാലത്ത് വിവരിക്കുന്നുണ്ട്. വിദ്യാർത്ഥികൾ ചെയ്ത ഏതോ തെറ്റിന് അവരുടെ ഓരോരുത്തരുടെയും മുഖത്ത് അടി കൊടുക്കാൻ അധ്യാപകൻ നിർദ്ദേശിക്കുകയുണ്ടായി. അവിടുന്ന് തീരെ ചെറുതായിരുന്നതു കാരണം, ഇപ്രകാരം ചെയ്യുന്നതിന് ഒരു കസേരയിൽ കയറി നിൽക്കണമായിരുന്നു. അതിനാൽ




വേണ്ടത്ര ശക്തിയോടെ അവിടുന്ന് അവരെ അടിച്ചില്ല. അതുകൊണ്ട്, ടീച്ചർ സ്വന്തം നിലയ്ക്ക് സത്യന് ഏതാണ്ട് 40-നടുത്ത് അടി ശിക്ഷയായി നൽകി. യാതൊരു പരാതിയും കൂടാതെ സത്യൻ അതെല്ലാം സഹിച്ചു.

പിൽക്കാലത്ത് ഒരു രസകരമായതും വെളിപാടുണ്ടാക്കുന്നതുമായ സംഭവം അരങ്ങേറുകയുണ്ടായി.

ജീവചരിത്രകാരന്മാരായ കസ്തൂരിയുടെയും ഗണപതിയുടെയും അഭിപ്രായത്തിൽ, സത്യന്റെ സ്കൂളിലെ ഒരു അധ്യാപകനായ മെഹബൂബ് ഖാൻ, സത്യൻ ശിക്ഷയായി ഒരു ബെഞ്ചിൽ കയറി നിൽക്കുന്നതു കണ്ട് സ്തബ്ധനായിപ്പോയി. ക്ലാസ് ടീച്ചർ ഒരു കസേര യിൽ ആ ക്ലാസ്സിനു മുമ്പിലായി ഇരിക്കുകയായിരുന്നു

.

ആ പീരീഡ് കഴിഞ്ഞിട്ടും അദ്ദേഹം അവിടെത്തന്നെ ഇരിക്കാൻ കാരണമെന്തെന്ന് മെഹ ബൂബ് ഖാൻ ആ ടിച്ചറോട് അന്വേഷിക്കുകയുണ്ടായി.

താൻ എണീൽക്കുമ്പോൾ, കസേരയും തനിക്കൊപ്പം പോരുകയാണെന്ന് അധ്യാപകൻ മന്ത്രിക്കുകയുണ്ടായി. കസേര അദ്ദേഹത്തോട് ഒട്ടിപ്പിടിച്ചിരുന്നു. എങ്ങനെയെന്ന് അദ്ദേഹ ത്തിനറിയില്ല! മെഹബൂബ് ഖാന് തൽക്ഷണം പ്രശ്നം മനസ്സിലായി, സത്യന്റെ ശിക്ഷ അവസാനിപ്പിക്കാൻ ആ അധ്യാപകനോട് ശുപാർശ ചെയ്തു. താഴെയിറങ്ങാനായി സത്യ നോട് ആവശ്യപ്പെട്ടതും, കസേര താഴെ വീഴുകയും അധ്യാപകൻ സ്വതന്ത്രനാവുകയും ചെയ്തു.




വർഷങ്ങൾ കഴിഞ്ഞ്, ഈ കഥ പരാ മർശിക്കുമ്പോൾ, ബാബ പറയുമായിരു ന്നു, അവിടുന്നിത് ചെയ്തത് അധ്യാപ കനോടുള്ള ദേഷ്യം കാരണമായിരുന്നി ല്ല, സ്വയം പ്രകടമാക്കുന്നതിനു വേണ്ടിയും, സ്വന്തം സ്വത്വം പ്രഖ്യാപി ക്കുന്നതിനു വേണ്ടിയും ആളുകളുടെ മനസ്സിനെ ഒരുക്കിയെടുക്കുന്നതിനു വേണ്ടിയും ആയിരുന്നു.

ഒരു പക്ഷേ ഇത് ഏവർക്കുമറിയാവുന്ന മറ്റൊരു ചമത്കാരമാണ്, അവിടുന്ന് ബുക്കപട്ടണ ത്തിൽ ഉണ്ടായിരുന്ന ആദ്യ വർഷങ്ങളിൽ, അക്കാലത്തെ എല്ലാ വിദ്യാർത്ഥികളും അധ്യാ പകരും സാക്ഷിയായ സംഭവം. ഇപ്രകാരമാണ് കൊല്ലം തോറും, അടുപ്പമുള്ളവർക്കും പ്രിയമുള്ളവർക്കും, സ്വാമിയുടെ ദിവ്യത്വം വികസിച്ചു വന്നത്. ഇപ്രകാരമാണ് അവതാരം സ്വയം പ്രകടമാക്കുന്നത്!

ക്ലാസ്സിൽ നോട്ട് എഴുതിയെടുക്കാത്തിന് ഇംഗ്ലീഷ് ടീച്ചറായ സുബ്ബണ്ണാചാരി സത്യനെ ശിക്ഷിക്കുന്നതിന് ശ്രമിച്ചു. കൈ നീട്ടാൻ സുബ്ബണ്ണാചാരി അവിടുന്നിനോട് ആജ്ഞാപി ച്ചു. സത്യനെ അടിക്കുന്നതിനായി ആ ടീച്ചർ ചൂരൽ ഉയർത്തിയപ്പോൾ, അദ്ദേഹം

സത്യന്റെ കൈവെള്ളയിൽ ഷിർദ്ദിയിലെ സായി ബാബയുടെ രൂപം ദർശിക്കുകയുണ്ടായി. അതെത്ര അതിശയകരമായ ചമത്കാരമായിരുന്നു!

ഇത്തരം എത്രയോ കാര്യങ്ങൾ, നാം നിശ്ചയമായും ഇവ പഠിക്കണം, അവതാരത്തിന്റെ ദിവ്യത്വം ആസ്വദിക്കണം!

സായിറാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)